കമ്മിറ്റിയുടെ ശുപാർശപ്രകാരം കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് ലേബർ കമ്മീഷണർ ഓഫീസിൽ ഒരു സെല്ലും, കേരള ഗവൺമെന്റിനെ ഇക്കാര്യത്തിൽ ഉപദേശിക്കുവാൻ ഒരു സമിതിയും രൂപീകരിക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചുവരുന്നു.

കർഷകത്തൊഴിലാളികളുടെ നിലവിലുള്ള മിനിമം വേജസ് പുതുക്കൽ

1005 [1896] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളികളുടെ നിലവിലുള്ള മിനിമം വേജസ് അനുസരിച്ച് പുരുഷന്റേയും സ്ത്രീയുടേയും കൂലി എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ജീവിതനിലവാര സൂചികയും മറ്റും വർദ്ധിച്ചതനുസരിച്ച് കർഷകത്തൊഴിലാളികളുടെ മിനിമം വേജസ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കാമോ?

ഉത്തരം

(എ) ജോലിയുടെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ 1-6-1984 മുതൽ പുരുഷത്തൊഴിലാളിക്ക് 15 രൂപയും സ്ത്രീ തൊഴിലാളിക്ക് 12 രൂപയും നൽകിവരുന്നു.

(ബി) തൽക്കാലം പരിഗണനയിലില്ല.

ഐ. ടി. ഐ. കളിലെ സീറ്റു വർദ്ധിപ്പിക്കാൻ നടപടി

1006 [1897] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
,, പി. കെ. കുഞ്ഞാലിക്കുട്ടി:
,, കെ. പി. എ. മജീദ്:
,, പി. കെ. കെ. ബാവ:
,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ. ടി. ഐ.കളിൽ സീറ്റ് വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

"ഐ. ടി. സി. കളിൽ കൂടുതൽ ട്രേഡുകൾ അനുവദിക്കാൻ നടപടി"

1007 [1898] ശ്രീ. എം. വി. മാണി
,, പി. സി. ജോർജ്
,, വി. വി. ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നിലവിലുള്ള ഐ. ടി. സി. കളിൽ കൂടുതൽ ട്രേഡുകളനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സംസ്ഥാനത്ത് നിലവിലുള്ള ഐ. ടി. സി. കളിൽ ഈ അദ്ധ്യയന വർഷത്തിൽ കൂടുതലായി ട്രേഡുകൾ അനുവദിക്കുന്നതിനു വേണ്ടി ഐ. ടി. സി. കളിൽനിന്നും അപേക്ഷകൾ ക്ഷണിക്കുകയും, അപേക്ഷ സമർപ്പിച്ച സ്ഥാപനങ്ങൾ അഫിലിയേഷൻ സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിച്ച് tപസ്തുത ട്രേഡുകൾ തുടങ്ങുന്നതിനാവശ്യമായ ഉപകരണങ്ങൾ, സ്ഥല സൗകര്യം തുടങ്ങിയ എല്ലാ ക്രമീകരണങ്ങളും ചെയ്ത സ്ഥാപനങ്ങൾക്ക് അവ തുടങ്ങുന്നതിനുവേണ്ടി അനുവാദം നൽകുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. ഈ ശുപാർശയുടെ അടിസ്ഥാനത്തിൽ പത്തു സ്ഥാപനങ്ങളിൽ പത്തു ട്രേഡുകൾ തുടങ്ങുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

1983-ലെ മദ്യഷാപ്പ് ലേലം

1008 [1899] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985-86 സാമ്പത്തിക വർഷത്തിൽ മദ്യഷാപ്പും (വിദേശമദ്യം, കള്ള് ഉൾപ്പെടെ) ലേലം ചെയ്ത വകയിൽ സർക്കാരിന് ലഭിക്കേണ്ടിയിരുന്ന തുക എത്രയായിരുന്നു;

(ബി) 1985-86-ൽ പ്രസ്തുത ഇനത്തിൽ പിരിഞ്ഞു കിട്ടിയ തുക എത്രയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 72,34,39,751 രൂപ.

(ബി) 71,68,34,341 രൂപ 15 പൈസ.

ചാരായഷാപ്പുകളും വിദേശമദ്യഷാപ്പുകളും പ്രവർത്തിക്കുന്നതിലെ വ്യവസ്ഥ

1009 [1900] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ചാരായഷാപ്പുകളും കള്ളുഷാപ്പുകളും വിദ്യാലയങ്ങളുടേയും, ആരാധനാലയങ്ങളുടേയും 400 മീറ്റർ അകലങ്ങളിൽ മാത്രമേ പ്രവർത്തിക്കാവൂ എന്ന നിബന്ധന വിദേശ മദ്യ മൊത്ത വിൽപ്പന ശാലകൾക്കും, വിദേശ മദ്യ ബാറുകൾക്കും കൂടി ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

നിലവിലുള്ള നിബന്ധന മാറ്റാൻ ഇപ്പോൾ ഉദ്ദേശമില്ല.

വിവിധയിനം മദ്യഷാപ്പുകൾ

1010 [1901] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കള്ളുഷാപ്പുകളും, ഉപഷാപ്പുകളും, ചാരായഷാപ്പുകളും, വിദേശ മദ്യ ഷാപ്പുകളും, റീട്ടെയിൽ ഷാപ്പുകളും മൊത്ത വിതരണ ഷാപ്പുകളും ബാറുകളും എത്രവീതം നിലവിലുണ്ട്;

(ബി) സംസ്ഥാനത്ത് ദിവസേന വിലകുന്ന കള്ള്, ചാരായം, വിദേശമദ്യം എന്നിവ ശരാശരി എത്രവീതം എന്നു പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly